# Malayala Manorama

## 17 August 2018

## Kerala, Flood, Heavy Rain, Transport System

# കേരളം നിശ്ചലം

- എറണാകുളം ജില്ലയിൽ ദേശീയ പാതകൾക്കു പുറമേ 90 പൊതുമരാമത്തു വകുപ്പു റോഡുകൾ വെള്ളത്തിനടിയിൽ
- മംഗളൂരു, കണ്ണൂർ, കോഴിക്കോട്, ഷൊർണൂർ, പാലക്കാട് റയിൽവേ സ്റ്റേഷനുകളിൽ ഹെൽപ് ഡെസ്ക്

**മനോരമ ലേഖകർ**

കനത്ത മഴയും മണ്ണിടിച്ചിലും വെള്ളപ്പൊക്കവും കേരളത്തിലെ ഗതാഗത സംവിധാനത്തെ നിശ്ചലമാക്കി. റോഡ് - റെയിൽ ഗതാഗതം ഇന്നലെ സ്തംഭിച്ചു. വിദ്യാർഥികൾ അടക്കം ആയിരങ്ങൾ ദുരിതത്തിലായി.

തെക്കൻ കേരളത്തിലെ പ്രധാന പാതയായ എംസി റോഡിലും സംസ്ഥാനത്തെ പ്രധാനപ്പെട്ട ദേശീയപാതകളിലും ഗതാഗതം ഭാഗികമായി സ്തംഭിച്ചു. ട്രെയിനുകൾ നിലച്ചത് വെള്ളപ്പൊക്കവും മണ്ണിടിച്ചിലുംമൂലം. നിർത്തിവച്ച കൊച്ചി മെട്രോ സർവീസ് വൈകിട്ടോടെയാണു പുനരാരംഭിച്ചത്. ദുരിതാശ്വാസ പ്രവർത്തനങ്ങളുടെ ഭാഗമായി സൗജന്യമായിരുന്നു യാത്ര.

കൊച്ചിയിലും കോഴിക്കോട്ടും ഇറങ്ങേണ്ടിയിരുന്ന എട്ടു രാജ്യാന്തര വിമാനങ്ങളാണ് ഇന്നലെ വൈകിട്ട് അഞ്ചുവരെ ബെംഗളൂരുവിൽ ഇറങ്ങിയത്. ബെംഗളൂരുവിൽനിന്നു കൊച്ചിയിലേക്കുള്ള 12 ആഭ്യന്തര സർവീസുകളും റദ്ദാക്കി. ബസ് - ട്രെയിൻ ഗതാഗതവും താറുമാറായതിനാൽ വിദേശത്തുനിന്നെത്തിയ മലയാളികൾ നാട്ടിലെത്താൻ കഴിയാതെ അയൽസംസ്ഥാനത്തു കുടുങ്ങി. ടാക്സികൾ പലതും കേരളത്തിലേക്ക് ഓട്ടത്തിനു തയാറല്ല.

## പൊതുവഴികൾ നിലച്ച് കേരളം

എറണാകുളം ജില്ലയിൽ 90 പൊതുമരാമത്തു വകുപ്പു റോഡുകളാണു വെള്ളത്തിനടിയിലായത്. പുറമേ ദേശീയപാത 544ൽ ആലുവ, കമ്പനിപ്പടി, ദേശീയപാത 66ൽ വരാപ്പുഴ, ദേശീയപാത 49ൽ വാളകം, കടാതി, കാരക്കുന്നം, എംസി റോഡിൽ മൂവാറ്റുപുഴയ്ക്കു സമീപം വാഴപ്പിള്ളി തുടങ്ങിയ സ്ഥലങ്ങളിൽ വഴികളിൽ വെള്ളം കയറി. പാലക്കാട് - തൃശൂർ ദേശീയപാതയിൽ കുതിരാനിൽ മണ്ണിടിഞ്ഞതിനെത്തുടർന്നു പൂർണമായും ഗതാഗതം നിലച്ചു. ചാലക്കുടിയിൽ ദേശീയപാത വെള്ളത്തിനടിയിലായി.

ആലപ്പുഴ - ചങ്ങനാശേരി റോഡിൽ വാഹനങ്ങൾ ഓടുന്നില്ല. കോട്ടയം ജില്ലയിൽ എംസി റോഡിൽ പലയിടത്തും വെള്ളക്കെട്ടുണ്ട്.

പ്രധാന പാതകളിലെല്ലാം വെള്ളം കയറിയതോടെ പത്തനംതിട്ട ജില്ല ഒറ്റപ്പെട്ട അവസ്ഥയിലാണ്. തിരുവനന്തപുരം ഭാഗത്തേക്കു പോകേണ്ട അൻപതോളം ദീർഘദൂര ബസുകൾ തിരുവല്ല, പന്തളം ഡിപ്പോകളിലായി പിടിച്ചിട്ടതുമൂലം ഒട്ടേറെ യാത്രക്കാർ കുടുങ്ങി. പുനലൂർ - മൂവാറ്റുപുഴ സംസ്ഥാനപാതയിൽ റാന്നി താലൂക്ക് ഏകദേശം പൂർണമായി വെള്ളത്തിലാണ്.

കൊല്ലം - തിരുമംഗലം ദേശീയപാതയിൽ പുനലൂർ മുതൽ കോട്ടവാസൽ വരെ ഗതാഗതം നിരോധിച്ചു.

കോഴിക്കോട്ടുനിന്നു വയനാട്ടിലേക്കുള്ള ദേശീയപാത 766ൽ ഗതാഗതം മുടങ്ങി. കോഴിക്കോട് - ബാലുശ്ശേരി, കൊയിലാണ്ടി - എടവണ്ണ പാതകളിലും ഗതാഗതം നിലച്ചിരിക്കുകയാണ്.

## നിശ്ചലമായി ട്രെയിനുകൾ

തെന്മലയിൽ ഉരുൾപൊട്ടൽ ഉണ്ടായതിനെത്തുടർന്നു കൊല്ലം - പുനലൂർ - ചെങ്കോട്ട റെയിൽവേ പാതയിൽ ട്രെയിൻ ഗതാഗതം നിർത്തിവച്ചു. ആലുവയിലെ വെള്ളപ്പൊക്കംമൂലം ഇന്നലെ ഉച്ചയോടെ എറണാകുളം - ഷൊർണൂർ സെക്‌ഷനിലെ ട്രെയിൻ ഗതാഗതം പൂർണമായും നിർത്തിവച്ചു. പാസഞ്ചറുകൾ ഉൾപ്പെടെ 15 ട്രെയിനുകൾ ഇന്നലെ റദ്ദാക്കി. ജനശതാബ്ദി, വേണാട് എന്നിവ എറണാകുളംവരെ മാത്രമാണു സർവീസ് നടത്തിയത്.

കുറ്റിപ്പുറത്തിനും പള്ളിപ്പുറത്തിനും ഇടയിലുള്ള പാലത്തിൽ വെള്ളം കയറിയതിനാൽ ഒരു ലൈനിലൂടെ മണിക്കൂറിൽ 30 കിലോമീറ്റർ വേഗത്തിലാണു ട്രെയിനുകൾ വിട്ടത്. പാലക്കാട് - ഷൊർണൂർ മേഖലയിലും വേഗം കുറച്ചിട്ടുണ്ട്.

ഇന്നലെ മംഗളൂരുവിൽനിന്നു പുറപ്പെട്ട മാവേലി എക്സ്പ്രസ് ഷൊർണൂരിൽ യാത്ര അവസാനിപ്പിച്ചു. ഏറനാട് എക്സ്പ്രസ് താനൂരിൽ പിടിച്ചിട്ടു. കാരയ്ക്കൽ - എറണാകുളം എക്സ്പ്രസ് പാലക്കാട് ജംക്‌ഷനിൽ യാത്ര അവസാനിപ്പിച്ചു. മംഗളൂരു, കണ്ണൂർ, കോഴിക്കോട്, ഷൊർണൂർ, പാലക്കാട് സ്റ്റേഷനുകളിൽ ഹെൽപ് ഡെസ്ക് ആരംഭിച്ചു.

തിരുവനന്തപുരം എരണിയലിൽ മണ്ണിടിഞ്ഞതിനെത്തുടർന്നു തിരുവനന്തപുരം - കന്യാകുമാരി റൂട്ടിൽ ട്രെയിൻ സർവീസ് നിർത്തി.



കണ്ണൂർ താഴെചൊവ്വ-എളയാവൂർ ക്ഷേത്രം റോഡിൽ പുൾക്കോ പാലത്തിനു സമീപത്തെ കിഴക്കുനിയിൽ വീട്ടിൽ വെള്ളം കയറിയതിനെത്തുടർന്ന് മുകളിലത്തെ നിലയിൽ കഴിയുന്ന കുട്ടികൾ. പതിമൂന്നു പേരടങ്ങുന്ന ഈ കുടുംബം രണ്ടു ദിവസങ്ങളിലായി വീടിന്റെ മുകളിലത്തെ നിലയിലാണ് താമസം.
ചിത്രം: എം.ടി. വിധുരാജ് ● മനോരമ

കന്യാകുമാരി-ബെംഗളൂരു എക്സ്പ്രസ് (16525-26) നാമക്കൽ, ഡിണ്ടിഗൽ, തിരുനെൽവേലി വഴിയാണു സർവീസ് നടത്തുന്നത്. താംബരം- കൊല്ലം സ്പെഷൽ (06027-06028) ട്രെയിൻ ഇരുവശത്തേക്കുള്ള സർവീസുകൾ ചെങ്കോട്ടയിൽ നിന്നാ…

…പാലക്കാട്ടു നിന്നാണു യാത്ര ആരംഭിക്കുക. ചെന്നൈ സെൻട്രൽ-തിരുവനന്തപുരം സൂപ്പർ ഫാസ്റ്റ് (12695) പാലക്കാട് വരെ മാത്രം സർവീസ് നടത്തും. നാളെ പാലക്കാട്ടുനിന്ന് ഈ ട്രെയിൻ (12696) ചെന്നൈയ്ക്കു മടങ്ങും. മംഗളൂരു- ചെന്നൈ സൂപ്പർ ഫാസ്റ്റ്…